പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2639 | 20/06/2013 ൽ മറുപടിയ്ക്ക്

## സ്പോർട്സ് ഉപകരണങ്ങളും ലൈബ്രറികൾക്ക് പുസ്തകങ്ങളും വാങ്ങുന്നതിന് അനുവദിച്ച തുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ :<br>ശ്രീ. ഇ.കെ. വിജയൻ :<br>ശ്രീമതി. ഗീതാ ഗോപി :<br>ശ്രീ. ജി.എസ്. ജയലാൽ : | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സ്കൂളുകളിൽ ലൈബ്രറികൾ പ്രവർത്തിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ലൈബ്രറികളുള്ള സർക്കാർ സ്കൂളുകൾ എത്ര ; എയ്ഡഡ് സ്കൂളുകൾ എത്ര ; ലൈബ്രറികൾ ഇല്ലാത്ത സ്കൂളുകൾ ഓരോ മേഖലയിലും എത്ര ; വിശദമാക്കുമോ ; | (എ) ഉണ്ട്.<br>ലൈബ്രറികൾ ഉള്ള സർക്കാർ സ്കൂളുകൾ - 3210<br>ലൈബ്രറികൾ ഉള്ള എയ്ഡഡ് സ്കൂളുകൾ - 5031<br>ലൈബ്രറികൾ ഇല്ലാത്ത സർക്കാർ സ്കൂളുകൾ -1410<br>ലൈബ്രറികൾ ഇല്ലാത്ത എയ്ഡഡ് സ്കൂളുകൾ -2130 |
| ബി) സ്കൂൾ ലൈബ്രറികളിലേയ്ക്ക് പുസ്തകങ്ങൾ വാങ്ങുന്നതിനും മറ്റുമായി ഈ അദ്ധ്യയന വർഷാരംഭം ശരാശരി എത്ര തുക വീതം ഓരോ സ്കൂളിനും അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) നടപ്പ് സാമ്പത്തിക വർഷം ഡിപ്പാർട്ട്മെന്റ് ഹൈസ്കൂളുകളിൽ ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 19 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഓരോ ജില്ലയിൽ നിന്നും ലൈബ്രറി സൗകര്യങ്ങൾ തീരെ അപര്യാപ്തമായ സ്കൂളുകൾ കണ്ടെത്തി തുക അനുവദിക്കാനും മൊത്തം തുക തുല്യമായി വീതിച്ച് ഓരോ ജില്ലയ്ക്കും അനുവദിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) സ്കൂളുകളിൽ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് തുക നൽകാറുണ്ടോ ; ഉണ്ടെങ്കിൽ എത്ര വീതം ; 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര തുക ഈ ഇനത്തിൽ വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ? | (സി) സ്കൂളുകളിൽ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുന്നതിന് തുക നൽകാറുണ്ട്. 2011-12 വർഷം 1,50,000/- രൂപ ബഡ്ജറ്റ് വിഹിതമായി ഈ ഇനത്തിൽ അനുവദിച്ചതിൽ 75,000/- രൂപ തിരുവനന്തപുരം മൈലം ജി.വി. രാജ സ്പോർട്സ് സ്കൂളിന് അനുവദിച്ചു. കണ്ണൂർ സ്പോർട്സ് സ്കൂൾ പ്രിൻസിപ്പൽ ഫണ്ട് ആവശ്യപ്പെടാത്തതിനാൽ തുക അനുവദിച്ചിട്ടില്ല.<br>2012-13 വർഷത്തിൽ 1,50,000/- രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചതിൽ |

1,00,000/- രൂപ തിരുവനന്തപുരം ജി.വി.രാജ സ്പോർട്സ് സ്കൂളിനും 50,000/- രൂപ കണ്ണൂർ സ്പോർട്സ് സ്കൂളിനും അനുവദിച്ചിട്ടുണ്ട്.

2013-14 വർഷത്തിലും 1,50,000/- രൂപ ബഡ്ജറ്റ് വിഹിതമായി അനുവദിച്ചിട്ടുണ്ട്. എന്നാൽ ഫണ്ടിനായി ബന്ധപ്പെട്ട സ്കൂൾ പ്രിൻസിപ്പൽമാർ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ടി തുക വിതരണം ചെയ്തിട്ടില്ല.

സെക്ഷൻ ഓഫീസർ